# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 101 — 14.06.2012 - ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കാൻ വിപണിയിലെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. സാജുപോൾ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. കെ.കെ. നാരായണൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| എ) | നിത്യോപയോഗ സാധനങ്ങൾക്ക് അതിരൂക്ഷമായ വിലക്കയറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് വിശദമാക്കുമോ; | എ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന പ്രതികൂല കാലാവസ്ഥ, ഡീസൽ പെട്രോൾ എന്നിവയുടെ വില വർദ്ധനവ്, ചരക്ക് കൂലി വർദ്ധനവ്, കൂലി ചെലവ് വർദ്ധന എന്നിവ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ആനുപാതികമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് 2011 ഏപ്രിൽ മാസത്തെ തിരുവനന്തപുരം സെന്ററിലെ വില സൂചിക 200 പോയിന്റ് ആയിരുന്നു. വകുപ്പ് അവസാനം പ്രസിദ്ധീകരിച്ച 2012 മാർച്ച് മാസത്തെ തിരുവനന്തപുരം സെന്ററിലെ വില സൂചിക 206 പോയിന്റ് ആണ്. |
| ബി) | വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വിപണിയിൽ ഇടപെടുക | ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി നടത്തിവരുന്ന |

| | | | |
|---|---|---|---|
| | എന്ന മുൻസർക്കാർ നയം തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; | | വിപണിയിടപെടൽ പദ്ധതി തുടർന്നു വരുന്നുണ്ട്. |
| സി) | എങ്കിൽ ഈ രംഗത്ത് മുൻസർക്കാർ സ്വീകരിച്ചുപോന്ന മാതൃകയിലുള്ള നടപടികൾക്ക് തയ്യാറാകുമോ; 2009-10, 2010-11, 2011-12 വർഷങ്ങളിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷനുവേണ്ടി ചെലവായ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; | സി) | വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണിയിൽ സർക്കാർ ഇടപെടൽ തുടരുന്നുണ്ട്. ഇതിനായി ചെലവായ തുക താഴെ കൊടുത്തിരിക്കുന്നു. |

| വർഷം | ചെലവായ തുക |
|---|---|
| 2009-10 | 83 കോടി |
| 2010-11 | 76.31 കോടി |
| 2011-12 | 50 കോടി |

ഇതുകൂടാതെ വിലക്കയറ്റ നിയന്ത്രണത്തിനായി 68.35 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും 2011-12 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | വിപണിയിലെ ഇടപെടലുകൾക്കായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട; സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്ത് തുക പ്രസ്തുത ഇനത്തിൽ നൽകുവാനായിട്ടുണ്ട്; | ഡി) | 2012-2013 സാമ്പത്തികവർഷം വിപണിയിലെ ഇടപെടലുകൾക്കായി ബജറ്റിൽ വകയിരുത്തിയ 50 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) | വിപണിയിൽ ഇടുപെടുന്നതിൻെറ ഭാഗമായി ഏതെല്ലാം സാധനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകിവരുന്നു; അതിനായി വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ഈ വർഷം ചെലവഴിക്കുകയുണ്ടായി; | ഇ) | അരി, തിരഞ്ഞെടുക്കപ്പെട്ട പയറുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പഞ്ചസാര എന്നീയിനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. 2012-2013 സാമ്പത്തികവർഷം സബ്സിഡിയിനത്തിൽ വകയിരുത്തിയ 50 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| എഫ്) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | എഫ്) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിപണന കേന്ദ്രങ്ങളിൽ ചില സാധനങ്ങൾ താൽക്കാലികമായി ലഭ്യമാകാതിരുന്നിട്ടുണ്ട്. സബ്സിഡി നിരക്കിലുള്ള ചെറുപയർ, കടല എന്നിവ കേന്ദ്ര സബ്സിഡിയോടെ ലഭിക്കാതിരുന്നതിനാൽ വിൽപ്പനശാലകളിൽ അവ ലഭ്യമല്ലാതിരുന്നിട്ടുണ്ട്. എന്നാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനായി പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിലുള്ള ഫ്രീസെയിൽ നിരക്കിൽ ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.